പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5547 02.11. 2016 ൽ മറുപടിക്ക്

വൈദ്യുതി ബോർഡിൽ കാഷ്യർ തസ്തിക

ചോദ്യം

ശ്രീ.എം.ഉമ്മർ

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ)വൈദ്യുതി ബോർഡിൽ 22-06-2012 മുതൽ 07-09-2016 വരെയുള്ള കാലയളവിൽ കാഷ്യർ തസ്തികയിൽ തസ്തികമാറ്റം വഴി 153 പേരെ നിയമിച്ചപ്പോൾ 80:20 എന്ന അനുപാതം പാലിക്കുന്നതിനായി നേരിട്ടുള്ള നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) 80% പി.എസ്.സി നിയമനം മുൻകാലങ്ങളിൽ നടത്തിയതിനു ആനുപാതികമായി തസ്തിക മാറ്റം വഴി നൽകേണ്ടതായ 20% ക്വാട്ടയിൽ നിലവിലുണ്ടായിരുന്ന വേക്കൻസിയിലേയ്ക്കാണ് 153 പേരെ നിയമിച്ചിട്ടുള്ളത്. |
| (ബി)പ്രസ്തുത നിയമനത്തിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ നികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;<br>(സി) ചട്ടപ്രകാരം 80:20 അനുപാതം പാലിക്കാതെ നിയമനം നടത്തിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;<br>(ഡി)പ്രസ്തുത അനുപാതം പാലിക്കുന്നതിനായി തസ്തികമാറ്റം വഴി നികത്തിയ ഒഴിവുകൾക്ക് ആനുപാതികമായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി)&(സി)&(ഡി) നിലവിൽ 428 കാഷ്യർ ഒഴിവുകൾ 80% ക്വാട്ടയിലും (പി.എസ്.സി വഴി നിയമിക്കേണ്ട) 76 ഒഴിവുകൾ തസ്തിക മാറ്റം വഴിയുള്ള 20% ക്വാട്ടായിലും ഉണ്ട്. അനുപാതം പാലിക്കാതെ നിയമനം നടത്തിയിട്ടില്ല.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 32800 ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള/ ആനുകൂല്യങ്ങൾ നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ 5625 ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ ആയതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ആവശ്യം വേണ്ട തസ്തികകളും ജീവനക്കാരുടെ എണ്ണവും പുനർവിന്യാസവും ഉൾപ്പെടെ വിശദമായ പഠനം നടത്തുന്നതിന് IIM കോഴിക്കോടിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. പഠന റിപ്പോർട്ട് വിശകലനം ചെയ്ത് ഒരു തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തി നിയമനങ്ങൾ നടത്താൻ കഴിയൂ. |

സെക്ഷൻ ഓഫീസർ